കളമശ്ശേരി, കടകംപള്ളി ഭൂമി തട്ടിപ്പ് കേസ്

124(5713) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സാജു പോൾ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കളമശ്ശേരി, കടകംപള്ളി ഭൂമി തട്ടിപ്പ് കേസുകളിൽ മുഖ്യമന്ത്രിയുടെ മുൻഗൺമാൻ സലീംരാജ് ഉൾപ്പെടെ പത്തുപേരെ സി.ബി.ഐ. അറസ്റ്റ് ചെയ്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കടകംപള്ളി വില്ലേജിലെ 44.5 ഏക്കർ ഭൂമി ഔദ്യോഗിക പദവി ഉപയോഗപ്പെടുത്തി വ്യാജരേഖയുണ്ടാക്കി തട്ടിയെടുത്തത് സംബന്ധിച്ച പോലീസ്, വിജിലൻസ് അന്വേഷണങ്ങൾ ഫലപ്രദമായിരുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സലീംരാജ് വഴിയുള്ള ഉന്നത ബന്ധങ്ങളാണിതിന് തടസ്സമായി ഭവിച്ചിട്ടുണ്ടായിരുന്നതെന്ന സി.ബി.ഐ.-യുടെ ഇപ്പോഴത്തെ നിരീക്ഷണം പരിശോധിക്കുമോ ;

(ഡി) ഭൂമി തട്ടിപ്പ് കേസുകളിലെ പോലീസിന്റെയും വിജിലൻസിന്റെയും അന്വേഷണ നിഗമനങ്ങൾ എന്തായിരുന്നു ; തട്ടിപ്പ് നടത്തുന്നതിന് കൂട്ടുനിന്നവർക്ക് എതിരെ വിജിലൻസ് ശിപാർശ എന്തായിരുന്നു ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കേസുകളിൽ വിജിലൻസ് അന്വേഷണം നടന്നുവരവെ സി.ബി.ഐ. അന്വേഷണത്തിന് ബഹു. കേരള ഹൈക്കോടതി ഉത്തരവിടുകയുണ്ടായി.

(സി) സി.ബി.ഐ.-യുടെ അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

(ഡി) കേസുകളിൽ പോലീസ്, വിജിലൻസ് അന്വേഷണം നടന്നുവരവെ സി.ബി.ഐ. അന്വേഷണത്തിന് ബഹു. കേരള ഹൈക്കോടതി ഉത്തരവിടുകയുണ്ടായി.

ഓപ്പറേഷൻ കുബേര

125(5714) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേര പ്രകാരം എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി മാസംതോറും വിലയിരുത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് ഓപ്പറേഷൻ കുബേര പ്രകാരം 3439 കേസുകളിലായി 3984 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി മാസംതോറും വിലയിരുത്തുന്നതിന് റിവ്യൂ മീറ്റിംഗുകൾ, അദാലത്തുകൾ, ജില്ലാതല ക്രൈം കോൺഫറൻസുകൾ എന്നിവ നടത്തിവരുന്നുണ്ട്.

ഓപ്പറേഷൻ സുരക്ഷ

126(5715) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ സുരക്ഷ പ്രകാരം ഇതുവരെ എത്രപേരെ അറസ്റ്റു ചെയ്തിട്ടുണ്ട് ;

(ബി) ആലപ്പുഴ ജില്ലയിൽ ഇതുപ്രകാരം ആരെയെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഓപ്പറേഷൻ സുരക്ഷ പ്രകാരം ഇതുവരെ 47575 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലയിൽ ഇതുപ്രകാരം 543 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ അപകട മരണങ്ങൾ

127(5716) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ കൊയിലാണ്ടി, പയ്യോളി പോലീസ് സ്റ്റേഷനുകളിൽ 1-1-2013 മുതൽ നാളിതുവരെ എത്ര പേർ വാഹന അപകടങ്ങൾമൂലവും, ട്രെയിൻ തട്ടിയും മറ്റ് അപകടങ്ങളിലും മരണപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; മരണപ്പെട്ടവരുടെ പേര്, വിലാസം, മരണപ്പെട്ട ദിവസം, മരണ വിവരം പോലീസ് സ്റ്റേഷനിൽ രേഖപ്പെടുത്തിയ തീയതി, അപകടത്തിന്റെ ചുരുക്ക വിവരം എന്നിവ വിശദമാക്കാമോ ?

ഉത്തരം

ഇതുസംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly